LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യങ്ങൾ വളരെ ദയനീയമാണെന്നത് ഗവൺമെന്റ് അംഗീകരിക്കുകയാണ്. അതുകൊണ്ട് ഒരു പ്രത്യേക കേസ് എന്ന നിലയിൽ മലബാറിലെ ക്ഷേത്രങ്ങളിൽ അന്തിത്തിരിയൻ, കോമരം, വെളിച്ചപ്പാട് എന്നീ തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് ഹിന്ദുമത ധർമ്മ സ്ഥാപനവകുപ്പിന്റെ 'ഡി' വിഭാഗത്തിൽ പെടുന്ന ക്ഷേത്രങ്ങളിലെ കോമരം, വെളിച്ചപ്പാട് തസ്തികകളിലുള്ളതുപോലെ 350-8-390-10-600 എന്ന ശമ്പള സ്കെയിൽ നൽകുന്നതിനുള്ള നിർദ്ദേശം ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. ഹിന്ദുമത ധർമ്മ സ്ഥാപന വകുപ്പിന്റെ മാനേജുമെന്റ് ഫണ്ടിൽ നിന്ന് ഇവർക്ക് ശമ്പളം നൽകാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതി തത്വത്തിൽ ആദ്യത്തെ മൂന്ന് വർഷത്തേക്ക് ഹിന്ദുമത ധർമ്മ സ്ഥാപന വകുപ്പും പിന്നീട് ടൂറിസം വകുപ്പും ഏറ്റെടുത്ത് നടപ്പാക്കാനാണ് ഇപ്പോൾ വിഭാവനം ചെയ്യുന്നത്.

V വ്യക്തിപരമായ വിശദീകരണം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, 9-3-2005-ന് ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന ചർച്ചയ്ക്കിടയിൽ മുൻകൂട്ടി എഴുതി കൊടുക്കാതെ ശ്രീ. എം. എം. ഹസ്സൻ എന്റെ കുടുംബവുമായി ബന്ധപ്പെട്ട് ചില പരാമർശങ്ങൾ ഉന്നയിക്കുകയുണ്ടായി. ആ പരാമർശം തികച്ചും അടിസ്ഥാന രഹിതവും സത്യവിരുദ്ധവുമാണ്. അന്നേ ദിവസം ഞാൻ നിയമസഭാ കവാടത്തിൽ നിരാഹാര സത്യാഗ്രഹം അനുഷ്ഠിക്കുകയായിരുന്നതിനാൽ സഭയിൽ ഈ ആരോപണത്തിന്റെ നിജഃസ്ഥിതി വ്യക്തമാക്കാൻ കഴിഞ്ഞില്ല. നിയമസഭാ ചട്ടം 288 അനുസരിച്ച് ഇന്ന് ഇക്കാര്യത്തിൽ വ്യക്തിപരമായ വിശദീകരണം ഞാൻ നടത്തുകയാണ്. പ്ലേവിൻ എന്ന ഓൺലൈൻ ലോട്ടറിയുടെ മുന്ന് ഡിസ്ട്രിബ്യൂട്ടിംഗ് ഏജൻസികളുള്ളതിൽ ഒന്നിൽ എന്റെ മകന്റെ ഭാര്യ രജനീ ബാലചന്ദ്രൻ, (ഈ സ്ഥാപനം എറണാകുളത്ത് പ്രവർത്തിക്കുകയാണ്) അതിൽ ഷെയർ എടുത്ത് ബോർഡ് മെമ്പറായിരുന്നു. ഗൾഫ് റിട്ടേണിയായ ഒരു കുടുംബ സുഹൃത്തിന് ഇതിൽ ഷെയറും ബോർഡ് മെമ്പർ സ്ഥാനവും ഉണ്ടായിരുന്നു. അയാൾക്ക് സർക്കാർ ജോലി കിട്ടിയപ്പോൾ കുടുംബ സുഹൃത്ത് എന്നുള്ള നിലയിൽ അയാൾക്കുണ്ടായിരുന്ന ഷെയറും ബോർഡ് മെമ്പർ സ്ഥാനവും ഈ കുട്ടിയുടെ പേരിൽ എഴുതിക്കൊടുത്തതായിരുന്നു. അങ്ങനെയിരിക്കുമ്പോഴാണ് ഓൺലൈൻ ലോട്ടറിയുടെ ചതിയും മറ്റ് കാര്യങ്ങളും മനസ്സിലാക്കി ഞാൻ അതിനെ ശക്തമായി എതിർക്കുന്നു എന്നുള്ള വിവരം മനസ്സിലായതോടുകൂടി, വെന്ത ചേമ്പ് കയ്യിൽ കിട്ടിയപ്പോൾ, അത് വായിലിടാൻ പറ്റില്ല. ചേമ്പിന്റെ സ്വഭാവം വെന്തതാണ്, അപ്പോൾ ഇങ്ങനെ എഴുതിവച്ചെങ്കിലും അത് സ്വീകരിക്കുന്നത് മോശമാണെന്നുള്ള നിലയിൽ അവർ ഉടൻ തന്നെ ബോർഡ് മെമ്പർ സ്ഥാനം രാജിവച്ചു. ഷെയറും തിരിച്ചു കൊടുത്തു. ഇപ്പോൾ വേറെ ആളുകൾക്ക് ഷെയറും ബോർഡ് മെമ്പർ സ്ഥാനവും കൊടുക്കുകയും ചെയ്തു. സത്യം ഇതാണ്. വസ്തുത ഇതായതുകൊണ്ട് എന്റെ മകന്റെ ഭാര്യ

ആയതുകൊണ്ട് അവസരം നോക്കി എന്നെ അവഹേളിക്കാൻ വല്ല ചാൻസും ഉണ്ടെങ്കിൽ അത് വിടുന്നത് ശരിയല്ലെന്ന് മിസ്റ്റർ എം. എം. ഹസ്സന് തോന്നിക്കാണും. അദ്ദേഹം ഇതിപ്പോൾ അഡ്വാൻസായി പറഞ്ഞത് വേറെ വല്ല ആളുകളേയും മുൻകൂട്ടി രക്ഷിക്കുന്നതിന് വേണ്ടിയാണോ അല്ലയോ എന്നൊന്നും ഞാൻ പറയുന്നില്ല. ഏതായാലും ഈ പ്രശ്നം സംബന്ധിച്ച് അദ്ദേഹം ഇവിടെ വിവരിച്ചത് ബോർഡ് മെമ്പർ സ്ഥാനം രാജിവച്ചു എങ്കിലും ഷെയറുകൾ ഇപ്പോഴും നിൽക്കുന്നു എന്നാണ്. ഷെയറുകളും ഇല്ല. ബോർഡ് മെമ്പർ സ്ഥാനം രാജിവച്ചതോടുകൂടി ഷെയറുകൾ ഉപേക്ഷിച്ചു. ഷെയറുകൾ വേറെ ആളുകളുടെ പേരിൽ അവർ കൈമാറ്റം ചെയ്യുകയും ചെയ്തു. ഇങ്ങനെയുള്ള വസ്തുത മറച്ചുവച്ചുകൊണ്ടുള്ള നിലയിൽ ഒരു പരാമർശം എന്റെ സുഹൃത്ത് നടത്തിയത് ശരിയല്ല. ഇതിനെക്കുറിച്ച് പത്രങ്ങളിൽ പരാമർശം നടത്തി. ഇൻഡ്യൻ എക്സ്പ്രസ് ഇതിനെക്കുറിച്ച് പരാമർശം നടത്തി. ആ പത്രത്തിനെതിരായി കേസും കൊടുത്തിട്ടുണ്ട്. ഇത് പുറത്ത് പറഞ്ഞ് കേട്ടാൽ അദ്ദേഹത്തേയും ഇതുപോലെ കൈകാര്യം ചെയ്യാൻ കഴിയും. അദ്ദേഹം അത് തിരുത്തുമെന്ന് ഞാൻ ആശിക്കുന്നു.

സബ്മിഷൻ-(തുടർച്ച)

(2) കർഷകരിൽ നിന്നും അടയ്ക്ക സംഭരിക്കുന്നതും ബാങ്ക് വായ്പയ്ക്ക് പലിശ സബ്സിഡി അനുവദിക്കുന്നതും സംബന്ധിച്ച്

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ഇന്ന് സംസ്ഥാനത്ത് ഏറ്റവും അധികം വിലക്കുറവ് അനുഭവപ്പെടുന്ന കാർഷികോല്പന്നം അടയ്ക്കയാണ്. ഏഷ്യയിലെ ഏറ്റവും വലിയ തോട്ടവിള ഗവേഷണ കേന്ദ്രമായ കാസർഗോഡ് സ്ഥിതിചെയ്യുന്ന സി. പി. സി. ആർ. ഐ. ഒരു കിലോഗ്രാം അടയ്ക്കയ്ക്ക് ഉൽപ്പാദന ചെലവ് 80 രൂപയാണ് കണക്കാക്കിയിട്ടുള്ളത്. ഇപ്പോൾ കർഷകർക്ക് ലഭിക്കുന്ന അടയ്ക്കയുടെ വില 45.50 രൂപയാണ്. ഈ മേഖലയിലെ കർഷകർ അനുഭവിക്കുന്ന പ്രയാസം ഗവൺമെന്റിന്റെ ശ്രദ്ധയിൽ നേരത്തെപെടുത്തിയിരുന്നു. നേരത്തെ 165 രൂപയും 170 രൂപയും വിലയുണ്ടായിരുന്ന സ്ഥാനത്താണ് അടയ്ക്കയ്ക്ക് ഇപ്പോൾ ഈ ചുരുങ്ങിയ വില ലഭിക്കുന്നത്. ഇന്ന് റബ്ബറിന്റേയും നാളികേരത്തിന്റേയും കാപ്പിയുടേയും വില അൽപ്പം മെച്ചപ്പെട്ടുവെങ്കിലും അടയ്ക്കയുടെ വില ഇടിഞ്ഞുകൊണ്ടിരിക്കുന്നു. കേരളത്തിൽ ഏറ്റവുമധികം കഷ്ടത അനുഭവിക്കുന്നത് അടയ്ക്ക കർഷകരാണ്. അടയ്ക്ക കർഷകർക്ക് ആശ്വാസമായി ഗവൺമെന്റ് 10 കോടി രൂപ സബ്സിഡി നൽകാൻ തീരുമാനിച്ചെങ്കിലും കർഷകർക്ക് ഇതുകൊണ്ട് യാതൊരു പ്രയോജനവും ലഭിച്ചിട്ടില്ല. അത് ഏൽപ്പിച്ചിട്ടുള്ളത് കാംകോ എന്ന സ്ഥാപനത്തെയാണ്. ഇതു സംബന്ധിച്ച് ഗവൺമെന്റ് ഇറക്കിയ ഓർഡറിൽ തന്നെ അപാകതയുണ്ടെന്നാണ് മനസ്സിലാക്കുന്നത്. മാർക്കറ്റ് വില എത്രയായാലും അതിനു പുറമെ 10 രൂപ സബ്സിഡി നൽകണം. 55 രൂപ വിലയുണ്ടെങ്കിൽ 5 രൂപ മാത്രമേ സബ്സിഡി

LIBRARY ARCHIVES Kerala Legislative Assembly